**കേരള സർക്കാർ**

389/ഡി.സി.3/2018/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
തീയതി : 18.08.2018.

## സർക്കുലർ

വിഷയം :- ത.സ്വ.ഭ.വ. - പ്രളയബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ സ്വീകരിക്കേണ്ട അടിയന്തര നടപടികൾ - സംബന്ധിച്ച്.

കേരളം ഇപ്പോൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന വലിയ വെള്ളപ്പൊക്കവും മഴക്കെടുതിയും നേരിടുന്നതിനായി റവന്യൂ അധികാരികളുമായി സഹകരിച്ചുകൊണ്ട് താഴെപറയുന്ന അടിയന്തര നടപടികൾ എല്ലാ മുനിസിപ്പാലിറ്റികളും, കോർപ്പറേഷനുകളും, ഗ്രാമപഞ്ചായത്തുകളും സ്വീകരിക്കേണ്ടതാണ്.

i. പ്രളയബാധിതമായ പഞ്ചായത്ത് / നഗരസഭ / കോർപ്പറേഷനോട് തൊട്ട് ചേർന്ന് സ്ഥിതിചെയ്യുന്ന നിലവിൽ പ്രളയം വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ജലാംശമില്ലാത്ത ഭക്ഷ്യവസ്തുക്കൾ (dry food items - ബിസ്ക്കറ്റ്, റസ്ക്, ബ്രഡ്, ബൺ, പഴങ്ങൾ, അവൽ മുതലായവ), കുപ്പിവെള്ളം എന്നിവ ശേഖരിച്ച് ക്യാമ്പിൽ എത്തിപ്പെടാനാകാതെ ചിതറികിടക്കുന്നവർക്ക് എത്തിക്കുന്നതിനുവേണ്ടി പരിശ്രമിക്കണം.

ii. വെള്ളപ്പൊക്കത്തിലും മഴക്കെടുതിയിലും പെട്ട് ദുരിതാശ്വാസക്യാമ്പുകളിലുള്ളവർക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കൾ (അരി, പയർ, പഞ്ചസാര, തേയില, കുപ്പിവെള്ളം, ഭക്ഷ്യഎണ്ണ, മറ്റ് പലവ്യഞ്ജന സാധനങ്ങൾ) സമാഹരിച്ച് ആവശ്യമായ സ്ഥലങ്ങളിലേയ്ക്ക് എത്തിക്കേണ്ടതാണ്.

iii. ക്യാമ്പിൽ എത്തിപ്പെടാനാകാതെ ചിതറികിടക്കുന്നവർക്ക് ആവശ്യമായ ഭക്ഷണസാധനങ്ങൾ, കുടിവെള്ളം, മരുന്ന് തുടങ്ങിയവ എത്തിക്കുന്നതിനും വെള്ളപ്പൊക്കം നിയന്ത്രണവിധേയമായതിനു ശേഷമുള്ള ശുചീകരണ പ്രവർത്തനങ്ങൾക്കും എല്ലാ സന്നദ്ധ-സാമൂഹ്യ സംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെ യുവജന-വിദ്യാർത്ഥി സംഘടനകളുടെയും സേവനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

iv. വിവിധ കേന്ദ്രങ്ങളിൽ നിന്ന് സമാഹരിച്ച് എത്തിക്കുന്ന സാധന സാമഗ്രികൾ പ്രളയം വലിയതോതിൽ ബാധിച്ചിട്ടില്ലാത്ത സമീപ പഞ്ചായത്തുകളിൽ / നഗരസഭകളിൽ ശേഖരിച്ച് ആവശ്യാനുസരണം പ്രളയബാധിത പ്രദേശങ്ങളിൽ വിതരണം ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടതാണ്.

v. തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നിർവ്വഹിക്കുന്ന പ്രവൃത്തികളുടെ പ്രതിദിന റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പ് മേധാവികൾക്ക് e-mail മുഖേന അതാത് ദിവസം ലഭ്യമാക്കേണ്ടതാണ്. കോപ്പി താഴെപ്പറയുന്ന e-mail id കളിലും നല്കേണ്ടതാണ്. acslsgd@gmail.com, splsecy.pard@kerala.gov.in, aslsgd@kerala.gov.in

vi. പ്രതിദിന പ്രവർത്തനറിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ upload ചെയ്യുന്നതിനുള്ള നടപടികൾ Executive Director, Information Kerala Mission സ്വീകരിക്കേണ്ടതാണ്.

vii. ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം അതാത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ഏകോപിപ്പിക്കേണ്ടതും റിപ്പോർട്ട് പഞ്ചായത്ത് ഡയറക്ടർക്ക് നൽകേണ്ടതുമാണ്. (കോപ്പികൾ ഇ-മെയിൽ വഴി ഗവൺമെന്റിലും നൽകണം.)

viii. മുനിസിപ്പാലിറ്റി / കോർപ്പറേഷനുകളുടെ പ്രവർത്തനം നഗരകാര്യ ഡയറക്ടറേറ്റിൽ നിന്നും ഏകോപിപ്പിക്കേണ്ടതാണ്. റിപ്പോർട്ട് നഗരകാര്യ ഡയറക്ടർ ഗവൺമെന്റിലേയ്ക്ക് നൽകേണ്ടതുമാണ്.

മേൽ നടപടികൾ എല്ലാ ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ അദ്ധ്യക്ഷൻമാരും, സെക്രട്ടറിമാരും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരും പ്രളയദുരിതാശ്വാസത്തിന്റെ ഗൗരവം മനസ്സിലാക്കി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

ടി.കെ.ജോസ്,
അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ കോർപ്പറേഷൻ മേയർമാർക്കും / സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ നഗരസഭ ചെയർമാൻ / ചെയർപേഴ്സൺമാർക്കും / സെക്രട്ടറിമാർക്കും.
(നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും. (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ നഗരകാര്യ റീജണൽ ജോയിന്റ് ഡയറക്ടർമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
(വ്യാപകമായ പ്രസിദ്ധീകരണത്തിന്)
ഡയറക്ടർ, വിവരപൊതുജന സമ്പർക്കവകുപ്പ്
(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
ആരോഗ്യകുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.